കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവകലാശാല-വിവിധ പഠനവകുപ്പുകളിൽ 2020-21 അധ്യയന വർഷം പുതുതായി ആരംഭിച്ച 3 പി ജി പ്രോഗ്രാമുകളുടെ ഫീസ് ഘടന നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് ഡി വിഭാഗം

No.Acad.D2/6323/Fee/2017 തീയതി: 09.06.2021

പരാമർശം:-1)31.12.2020 തീയതിയിലെ അക്കാദമിക് 'എ ' വിഭാഗത്തിൻറെ Acad.A2 / 5565 / ND &C / 2008 Vol.II നമ്പർ ഉത്തരവ്.

2)28.12.2020 തീയതി സ്ഥിരം സമിതി (CRLP) വിവിധ പഠന വകുപ്പ് മേധാവികളുമായി നടത്തിയ മീറ്റിങ്ങിന്റെമിനുട്സ്.

3)18.01.2021,04.02.2021 തീയതികളിലെ Acad.D2/6323/Fee/2017 നമ്പർ കത്ത്.

4) 06.02.2021,08.02.2021,15.02.2021തീയതികളിലെ കോഴ്സ് കോർഡിനേറ്റർമാരുടെ ഇമെയിൽ സന്ദേശം.

5)09.03.2021തീയതിയിലെ സർവകലാശാല സിണ്ടിക്കേറ്റിൻറെ 2021.200നമ്പർ ഇനം തീരുമാനം.

6)23.03.2021തീയതിയിലെ Acad D2/ 6323 / Fee / 2017 നമ്പർ സർവകലാശാല ഉത്തരവ്.

7)25.05.2021തീയതിയിലെ സർവകലാശാല ഉപസമിതിയുടെ യോഗ തീരുമാനം.

ഉത്തരവ്

1.പരാമർശം (1) പ്രകാരം, 2020-21 അധ്യയന വർഷം മുതൽ സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ M.Sc.Nano Science and Nano Technology, M.Sc.Computational Biology, M.Sc.Plant Science with specialization in Ethnobotany എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനു ഉത്തരവായിട്ടുണ്ട്.

2.പരാമർശം (2) പ്രകാരം, വിവിധ പഠന വകുപ്പുകളിൽ ആരംഭിക്കുന്ന പി ജി കോഴ്സുകളിലേക്കു,നിലവിലുള്ള കോഴ്സ്കളുടെ ഫീസ് നിശ്ചയിക്കാൻ തീരുമാനമായെങ്കിലും സർവകലാശാല തനതു കോഴ്സ് നടത്താത്ത സാഹചര്യത്തിൽ, പുതിയ കോഴ്സിലേക്കുള്ള ഫീസ് നിരക്ക് സംബന്ധിച്ച ശുപാർശ സമർപ്പിക്കാൻ കോഴ്സ് കോർഡിനേറ്റർമാരോട് പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട് .

3.പരാമർശം (4) പ്രകാരം M.Sc Nano Science and Nano Technology, M.Sc.Computational Biology, M.Sc. Plant Science with specialization in Ethnobotany എന്നീ പ്രോഗ്രാമുകളിലേക്കുള്ള ഫീസ്സ് നിരക്കുകൾ യഥാക്രമം M.Sc.Physics ,M.Sc.Biotechnology and Microbiology & M.Sc.Applied Zoology പ്രോഗ്രാമുകളുടേതിനു സമാനമായ ഫീസ് നിരക്കുകൾ ഈടാക്കാൻ ബന്ധപ്പെട്ട പ്രോഗ്രാം കൊ-ഓർഡിനേറ്റർമാർ ശുപാർശ ചെയ്തു നൽകിയിട്ടുണ്ട്.ബഹു. വൈസ്

ചാൻസലറുടെ ഉത്തരവിൻ പ്രകാരം വിഷയം സർവകലാശാല സിണ്ടിക്കേറ്റിൻറെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

4. പരാമർശം (5) പ്രകാരം M.Sc Nano Science and Nano Technology, M.Sc.Computational Biology, M.Sc. Plant Science with specialization in Ethnobotany എന്നീ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് നിരക്ക ശുപാർശ ചെയ്യുന്നതിലേക്ക, സിണ്ടിക്കേറ്റ് അംഗം Dr. Prasadan P.K, സ്വാമി ആനന്ദതീർത്ഥ ക്യാമ്പസ്, കെമിസ്ട്രി പഠന വകുപ്പ് മേധാവി Dr. Baiju.K.V ,മേൽ പ്രോഗ്രാമുകളുടെ കോർഡിനേറ്റർമാർ എന്നിവർ അംഗങ്ങളായി സർവകലാശാല സമിതി രൂപീകരിച്ചുകൊണ്ടു വിശദപഠനം നടത്തുന്നതിന തീരുമാനമായി.ആയതിലേക്ക പരാമർശം (6) പ്രകാരം സർവകലാശാല സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5.M.Sc Nano Science and Nano Technology ,M.Sc. Computational Biology M.Sc Plant Science with specialization in Ethnobotany , എന്നീ മൂന്നു പി ജി കോഴ്സുകളിലേക്കുള്ള ഫീസ് നിരക്കുകൾ യഥാക്രമം M.Sc.Physics ,M.Sc.Biotechnology and Microbiology ,MSc Applied Zoology യുടെ ഫീസ് നിരക്കുകൾ തന്നെ ഈടാക്കാൻ പരാമർശം (7) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.അതുപ്രകാരം 2020-21അധ്യയനവർഷം മുതൽ സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ ആരംഭിക്കുന്ന മേൽ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് ഘടന ചുവടെ ചേർക്കുന്നു.

1.Admission fee 2. Tuition fee (per sem.) 3. Library fee (per sem.) 4. Special Fee (per year) 5. Student Welfare/Development fee (per year) 6.Caution Deposit(Refundable) 7. Laboratory fee (per sem.)	8.Computer/Connectivity fee(persem.) 9. Law Journal (per sem.) 10. NRI Fee (per year) 11. Students Affiliation Fee* 12. Sports Affiliation Fee(per year) 13. University Union Fee (per year) 14.University Development Fund (per year)**
*at the time of admission only ** all students except SC/ST	

No.	Course	Duration	1	2	3	4	5	6	7	8	9	10	11	12	13	14
1	MSc Nano Science and Nano Technology,	4 sem	445	4410	270	290	290	500	2595	-	-	-	440	220	110	60
2	MSc.Computational Biology	4sem	445	4410	270	290	290	250	6895	-	-	143325	440	220	110	60
3	MSc Plant Science with specialization in Ethnobotany	4 sem	445	4410	270	290	290	500	6895	-	-	71665	440	220	110	60

6.മേൽ വിവരങ്ങൾ വിശദമായി പരിഗണിച്ച ബഹു.വൈസ് ചാൻസലർ കോഴ്സ് കോർഡിനേറ്റർമാർ ശുപാർശചെയ്ത മേൽ പട്ടിക പ്രകാരമുള്ള ഫീസ് ഘടന അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് .

7.വിവിധ പഠന വകുപ്പുകളിൽ, 2020-21 അധ്യയന വർഷം മുതൽ ആരംഭിച്ച M.Sc Nano Science and Nano Technology, M.Sc.Computational Biology, M.Sc. Plant Science with specialization in Ethnobotany എന്നീ കോഴ്സുകളിലേക്കുള്ള ഫീസ് ഘടന മേൽ പട്ടികയിൽ ചേർത്തതിൻ പ്രകാരം നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

ബാലചന്ദ്രൻ വി കെ

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1)കോഴ്സ് കോർഡിനേറ്റർമാർ (M.Sc Nano Science and Nano Technology,
M.Sc.Computational
Biology, M.Sc. Plant Science with specializationin Ethnobotany)
2) വെബ്മാനേജർ

പകർപ്പ്: 1.വി.സി.യുടെ പി.എസ്
2.പി.വി.സി./ രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ
പി.എ മാർ
3.എൻക്വയറി
4.അക്കാദമിക് എ, SWC വിഭാഗങ്ങൾ
5.കരുതൽ ഫയൽ,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ